ഉത്തരം

(എ)-(ഡി) റോഡുകളുടെ പ്രതലം നന്നാക്കാൻ മുൻഗണന കൊടുക്കണമെന്നാണ് നിർദ്ദേശിക്കുന്നത്. അധിക ജോലികൾ ഏറ്റെടുത്ത് സർക്കാരിന് കൂടുതൽ സാമ്പത്തിക ഭാരം ഉണ്ടാക്കാതിരിക്കുന്നതിന് സൈഡ് വോളുകളുടെയും ഓടകളുടെയും കലുങ്കുകളുടെയും മറ്റും പണികൾ നടത്തുന്നതിന് മുമ്പ് ഗവൺമെന്റിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ റോഡുവികസനത്തിനാവശ്യമായ കലുങ്കുകളുടെയും ഓടകളുടെയും പണി നടത്തുന്നതിന് ഗവൺമെന്റ് അനുമതി നൽകി വരുന്നുണ്ട്.

റാന്നി ടൗണിൽ ബൈപ്പാസ്

109 (892)ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഠൗണിൽ നിരന്തരം ഉണ്ടാകുന്ന ഗതാഗത സ്തംഭനം ഒഴിവാക്കാൻ 200 മീറ്റർ മാത്രം നീളം വരുന്ന ഒരു ബൈപ്പാസ് നിർമ്മിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം നിശ്ചിത സമയത്ത് പൂർത്തിയാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്;

(സി) പ്രസ്തുത ബൈപ്പാസിന് ഭരണാനുമതി നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി)&(സി) പ്രസ്തുത ബൈപാസിനുവേണ്ടി 80 ലക്ഷം രൂപയുടെ കരട് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും കൂടുതൽ വിശദീകരണങ്ങൾക്കായി ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭിച്ചാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ

110 (893)പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ട ഭരണാനുമതി എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(ബി) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുള്ള തുക നടപ്പു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഇപ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ ടെക്നിക്കൽ അനുമതിയും പ്രത്യേകാനുമതിയും നൽകുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) മിനി സിവിൽ സ്റ്റേഷന്റെ പണി ഈ സാമ്പത്തിക വർഷം തുടങ്ങാൻ സാധ്യതയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly